ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം - 1

**No. Ex.II/2/13664/HSE/2015** തീയതി : **05/08/2015**

# സർക്കുലർ

വിഷയം :- ഹയർ സെക്കന്ററി വിദ്യാഭ്യാസം - ഒന്നാം വർഷ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി പരീക്ഷ സെപ്റ്റംബർ 2015 - രജിസ്ട്രേഷൻ ഡേറ്റാഅപ് ലോഡിംഗ് - സംബന്ധിച്ച്.

2015 സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 5 വരെയുള്ള തീയതികളിൽ നടക്കുന്ന ഒന്നാം വർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ രജിസ്ട്രേഷനു വേണ്ടി അപ്‌ലോഡ് ചെയ്യുന്നതിനുള്ള ലിങ്ക് ഇപ്പോൾ ലഭ്യമാണ്. ഇതിനകം അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികളുടേയും ഡേറ്റാ 07/08/2015 ന് 3 മണിയ്ക്കകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഈ വർഷം മുതൽ സ്കീം 2 പ്രകാരമുള്ള പരീക്ഷ നിലവിലില്ലാത്തതിനാൽ 2008-2009 അക്കാദമിക് വർഷത്തെ ഒന്നാം വർഷ അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾക്കു മാത്രമേ ഈ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. കമ്പാർട്ട്മെന്റൽ വിഭാഗം വിദ്യാർത്ഥികൾക്ക് അവർ പഠിച്ച പാഠ്യപദ്ധതി പ്രകാരം (Old Syllabus) തന്നെയായിരിക്കും പരീക്ഷ നടത്തുക.

രണ്ടാം വർഷ പരീക്ഷ റദ്ദു ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടേയും 2015 ൽ രണ്ടാം വർഷ കോഴ്സിന് പുനഃപ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടേയും ഒന്നാം വർഷ മാർക്കുകൾ നിലനിർത്തുന്നതിനാൽ ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുവാൻ കഴിയുന്നതല്ല. എന്നാൽ, ഒന്നാം വർഷ പരീക്ഷയ്ക്ക് Absent ആയിട്ടുള്ള വിദ്യാർത്ഥികൾ പരീക്ഷ എഴുതാത്തതായിട്ടുള്ള വിഷയങ്ങൾക്ക് ഈ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതേണ്ടതാണ്.

ഒപ്പ്
സെക്രട്ടറി
ബോർഡ് ഓഫ് ഹയർ സെക്കന്ററി
എക്സാമിനേഷൻസ്
കേരള